"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

## ധനകാര്യ (ഐ.ടി. സോഫ്റ്റ് വെയർ) വകുപ്പ്

## സർക്കുലർ

നം. 59/2020/ധന. തിരുവനന്തപുരം, തീയതി. 22.10.2020

**വിഷയം:** ഇ-ഗവേർണൻസ് - വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം (VEELS) വാഹന സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ- പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

**സൂചന:** 1. 11.11.2019 ലെ പരിപത്രം നം. 88/2019/ധന.
2. 21.11.2019 ലെ പരിപത്രം നം. 91/2019/ധന.
3. 07/01/2020 ലെ പരിപത്രം നം. 03/2020/ധന.

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാൻറ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ (www.veels.kerala.gov.in) ലഭ്യമാക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു.

എന്നാൽ സൂചന പ്രകാരമുള്ള പരിപത്രത്തിൽ പ്രതിപാദിച്ചിരുന്ന നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും പൂർണ്ണമായ വിവരങ്ങൾ www.veels.kerala.gov.in-ൽ ലഭ്യമാക്കിയിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ ചുവടെ ചേർക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ വകുപ്പ് മേധാവികളും ഇതു സംബന്ധിച്ച പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണ്. പ്രസ്തുത നോഡൽ ഓഫീസർ വീൽസ് പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് യൂസർ നെയിം, പാസ് വേർഡ് എന്നിവ സ്വീകരിക്കേണ്ടതാണ്.

2. വകുപ്പിന്റെ ഉടമസ്ഥതയിലും വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും ഉപയോഗത്തിലുള്ളതും അല്ലാത്തതുമായ (വാടക/കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നത് ഉൾപ്പെടെ ) എല്ലാത്തരം വാഹനങ്ങളുടെ വിവരങ്ങളും ഡ്രൈവർമാരുടെ (സ്ഥിരം/താൽക്കാലികം/വാടക) വിവരങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വീൽസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പുവരുത്തേണ്ടത് നോഡൽ ഓഫീസറിന്റെ ഉത്തരവാദിത്വമാണ്.

3. **2020-21** സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റ് വിഹിതവും വാഹന സംബന്ധമായി ഓരോമാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS-ൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും മേൽ വിവരങ്ങളെ സംബന്ധിച്ച് വിശദമായ ചിലവുകൾ അപ്ഡേറ്റ് ചെയ്യേണ്ടതും അതാത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്വമാണ്.

4. **2020-21** സാമ്പത്തിക വർഷം മുതലുള്ള വാഹനത്തെ സംബന്ധിച്ച മാസം തോറുമുള്ള ഉപഭോഗം (monthly usage details) വീൽസിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

5. വാഹന സംബന്ധമായ വിഷയത്തിൽ പ്രൊപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിക്കുമ്പോൾ VEELS മുഖേന ലഭിച്ച Vindex കർശനമായി രേഖപ്പെടുത്തേണ്ടതാണ്. Vindex രേഖപ്പെടുത്താത്ത പ്രൊപ്പോസലുകൾ പരിഗണിക്കുന്നതല്ല. കൂടാതെ ഡ്രൈവർമാരുടെ വേതനവുമായി (ദിവസവേതനം/കരാർ വേതനം) ബന്ധപ്പെട്ട വിഷയത്തിൽ വാഹനത്തിന്റെ Vindex കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

6. ബഡ്ജറ്റിലേക്കും, മറ്റ് സർക്കാർ ആവശ്യങ്ങൾക്കും വാഹനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ നിന്നും മാത്രം ശേഖരിക്കുന്നതിനാൽ വിവരങ്ങൾ പൂർണ്ണവും കൃത്യവുമാണെന്ന് നിയന്ത്രണാധികാരികളും നോഡൽ ഓഫീസറും ഉറപ്പ് വരുത്തേണ്ടതാണ്.

7. എല്ലാ വകുപ്പ് നോഡൽ ഓഫീസർമാരും മേലധികാരികളും വാഹനങ്ങളുടെ വിശദാംശങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ **30/11/2020** മുമ്പായി ഉൾപ്പെടുത്തി താഴെക്കാണുന്ന പെർഫോർമയിൽ **ധനകാര്യ (സാങ്കേതികേതര പരിശോധനാ)** വിഭാഗത്തിന് info.veels@kerala.gov.in എന്ന ഈ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

## ABSTRACT

Department :

Office:

| Head of Account: | | Head of Office: | | | | |
|---|---|---|---|---|---|---|
| | Government | Hired | Govt. Drivers | Hired Drivers | Daily wage Drivers | Contract Drivers |
| Total Vehicles | | | | | | |
| Condemned Vehicles | | | | | | |
| Vehicles Not in use | | | | | | |

Signature of Nodal Officer
Mobile No.

8. ഇതു സംബന്ധിച്ച സംശയ നിവാരണത്തിനായി *1800-425-1857* എന്ന ടോൾഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:- പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ് -I) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ് -II) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം.
എല്ലാ വകുപ്പ തലവൻമാർക്കും.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
സെക്രട്ടറി, ഓംബുഡ്സ്മാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/ മഹാത്മാഗാന്ധി സർവ്വകലാശാല.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സർവ്വകലാശാല, എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസ് സർവ്വകലാശാല, വയനാട്.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, തൃശ്ശൂർ.
രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം.
രജിസ്ട്രാർ, മലയാളം സർവ്വകലാശാല, തിരൂർ, മലപ്പുറം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, , എറണാകുളം.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെൻറ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ. എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർ/ ജനറൽ മാനേജർമാർ.
ജില്ലാ ട്രഷറികളും, സബ് ട്രഷറികളും.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ (അക്കൗണ്ട്സ് എ,ബി, സാങ്കേതികേതര പരിശോധന, ബഡ്ജറ്റ്, എക്സ്പെൻഡിച്ചർ എ,ബി) വകുപ്പ്.
ഓഫീസ് പകർപ്പ്/ സൂക്ഷിപ്പ് ഫയൽ (JDITSF/27/2019-FIN-E.13398).

**ഉത്തരവിൻ പ്രകാരം**

Anuja gladis. K.L

**മാനേജർ (ഐ.ടി. സോഫ്റ്റ് വെയർ)**